

# വാർത്തകളും കുറിപ്പുകളും

**1. പ്രൊഫിഷ്യൻസി അവാർഡ് - 2022**

2021-22 അക്കാഡമിക് വർഷത്തിൽ 10,12 ക്ലാസുകളിൽ പഠിച്ച നമ്മുടെ വിദ്യാർത്ഥികളിൽ നിന്ന് 2022 പ്രൊഫിഷ്യൻസി അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ച് സൺഡേസ്കൂളിൽ ക്രമമായി പങ്കെടുക്കുന്നവരും ക്രൈസ്റ്റ് ചർച്ചിന്റെ അംഗത്വ ലിസ്റ്റിൽ പേര് ചേർത്തിട്ടുള്ളവരും ആയിരിക്കണം. അപേക്ഷാ ഫാറം ഒക്ടോബർ 17 -ന് വാട്സ് ആപ്പ് വഴി അയച്ചു കൊടുത്തിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷ, മാർക്ക് ലിസ്റ്റ് കോപ്പി സഹിതം അച്ചന്മാരെയോ, കൈക്കാരന്മാരെയോ നേരിട്ട് ഏല്പിക്കുകയോ, സ്കാൻ ചെയ്ത് office@csichristchurch.org യിലേക്ക് ഇ-മെയിൽ അയയ്ക്കുകയോ ചെയ്യണം. ലഭിക്കേണ്ട അവസാന തീയതി 2022 നവംബർ 14, തിങ്കൾ.

**2. ഹാർവെസ്റ്റ് ഫെസ്റ്റിവൽ- സംയുക്തയോഗം**

ഈ വർഷത്തെ ഏരിയാ പ്രയർ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വാർഷിക സ്തോത്രദാന സമർപ്പണം, ആദ്യഫലപ്പെരുന്നാൾ എന്നിവയുടെ നടത്തിപ്പിനെപ്പറ്റി ആലോചിക്കുന്നതിന് ഏരിയ പ്രയർ ഗ്രൂപ്പ് കൺവീനർമാർ, ക്രൈസ്റ്റ് ചർച്ചിന്റെ വിവിധ സംഘടനാ ഭാരവാഹികൾ, ചർച്ച് കമ്മിറ്റി അംഗങ്ങൾ, ഡയോസിഷൻ കൗൺസിൽ അംഗങ്ങൾ, സഭയുടെ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗം ഒക്ടോബർ 20 വ്യാഴാഴ്ച പള്ളിയിൽ വച്ച് നടത്തി. കൺവീനർ അഡ്വ. പി. ജെ. കോശി ഇത് സംബന്ധിച്ച കാര്യങ്ങൾ അവതരിപ്പിക്കുകയും തുടർന്ന് നടന്ന ചർച്ചയ്ക്ക് ശേഷം നവംബർ 13,20,27 ഞായറാഴ്ചകളിൽ ഏരിയാ തിരിച്ചുള്ള സ്തോത്രദാന സമർപ്പണത്തിന് ആവശ്യമായ നോട്ടീസ്, കവർ എന്നിവ സമയബന്ധിതമായി എല്ലാ സഭാജനങ്ങൾക്കും, ഏരിയാപ്രയർ കൺവീനർമാർ വഴിയോ, തപാൽ വഴി നേരിട്ടോ എത്തിച്ച് കൊടുക്കണമെന്നും ഭക്ഷണകൂപ്പൺ, അൽമായ സംഘടന മുൻകൈ എടുത്ത് വിതരണം ചെയ്യണമെന്നും തീരുമാനിച്ചു.

**3. വാർഷിക സ്തോത്രദാന സമർപ്പണം**

നമ്മുടെ സഭയുടെ പ്രതിഷ്ഠാദിനവുമായി (നവംബർ 15) ബന്ധപ്പെടുത്തി നവംബർ 13 (പാളയം, പട്ടം, പേരൂർക്കട, പേട്ട-മണക്കാട്) നവംബർ 30 (കുന്നുകുഴി, മെഡിക്കൽ കോളേജ്, നന്തൻകോട്, കേശവദാസപുരം), നവംബർ 27 (പൂജപ്പുര, പി.റ്റി.പി. നഗർ, പോങ്ങുംമൂട്, കവടിയാർ-കുറവൻകോണം) എന്നീ

ഞായറാഴ്ചകളിലെ വിവിധ ആരാധനകളിൽ, വാർഷിക സ്തോത്ര ദാനകവറുകൾ സമർപ്പിക്കേണ്ടതാണ്. ഇതിനായുള്ള കവറും, അഭ്യർത്ഥനയും ഏരിയാ പ്രയർഗ്രൂപ്പ് കൺവീനർമാർ വഴിയോ, തപാലിലൂടെ നേരിട്ടോ സഭാ ജനങ്ങൾക്ക് എത്തിച്ച് തരുന്നതാണ്. നവംബർ 6 ഞായർ മുതൽ ഏരിയാ കൺവീനർമാർ കവറുകൾ അംഗങ്ങൾക്ക് എത്തിച്ചു കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വർഷത്തെ ഹാർവെസ്റ്റ് ഫെസ്റ്റിവൽ ജനറൽ കൺവീനർമാരായി ശ്രീ. ജേക്കബ് തോമസ്, അഡ്വ. പി. ജെ. കോശി, ശ്രീ. റോബിൻ സാം കുര്യൻ എന്നിവരെയാണ് ചർച്ച് കമ്മിറ്റി നിയോഗിച്ചിട്ടുള്ളതെന്നും അറിയിക്കട്ടെ.

**4. ആദ്യഫലപ്പെരുന്നാൾ**

ഈ വർഷത്തെ ആദ്യഫലപ്പെരുന്നാൾ, സംയുക്ത ആരാധന ഡിസംബർ 4, ഞായറാഴ്ച രാവിലെ 7.30 ന് നടത്തപ്പെടുന്നതാണ്. പ്രഭാതഭക്ഷണത്തിന്ശേഷം 10 മണിയോടെ ആദ്യഫലലേലം ആരംഭിക്കുന്നതാണ്. കോവിഡ് നിയന്ത്രണങ്ങൾ കുറഞ്ഞ സാഹചര്യത്തിൽ, സഭയുടെ സംഘടനകളുടെ ആഭിമുഖ്യത്തിൽ, സ്റ്റാളുകൾ, ലേലം വിളിക്കുന്നതിനുള്ള സ്റ്റേജ് എന്നിവ സെന്റിനറി ഹാളിന് സമീപം ക്രമീകരിക്കുന്നതാണ്. ലേല വസ്തുക്കളുടെ സ്വീകരണം ഡിസംബർ 3, ശനിയാഴ്ച രാവിലെ മുതൽ ആരംഭിക്കും. ഇക്കാര്യങ്ങളുടെ നടത്തിപ്പിനായി, ഓരോ ഏരിയാ പ്രാർത്ഥനാ ഗ്രൂപ്പിൽ നിന്ന് 3 പ്രതിനിധികൾ വീതമുള്ള വോളണ്ടിയർമാരുടെ ടീം രൂപീകരിച്ചു. ഇക്കാര്യങ്ങൾ എല്ലാം പ്രാർത്ഥനയിൽ ഓർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. സൺഡേസ്കൂൾ ഞായറും അർദ്ധദിനക്യാമ്പും**

നവംബർ 6 ന് നമ്മുടെ സഭ സൺഡേസ്കൂൾ ഞായറായി ആചരിക്കുകയാണല്ലോ. അന്നത്തെ ആരാധനകളിൽ എല്ലാ സൺഡേസ്കൂൾ വിദ്യാർത്ഥികളും സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. നവംബർ 12 (രണ്ടാം ശനിയാഴ്ച) രാവിലെ 9 മണി മുതൽ 12.30 വരെ സൺഡേസ്കൂൾ ക്യാമ്പ് നടത്തുന്നതാണ്. വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സെഷൻ കൂടാതെ, സൺഡേസ്കൂൾ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും വേണ്ടിയുള്ള പ്രത്യേക സെഷൻ, മനഃശാസ്ത്ര വിദഗ്ദ്ധനായ ശ്രീ. ജോർജ്ജ് ബഹനാൻ നയിക്കുന്നതാണ്.

**6. മെഡിക്കൽ ക്യാമ്പ്**

നമ്മുടെ മെഡിക്കൽ ഫോറത്തിന്റെയും സ്വസ്തി ഫൗണ്ടേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഒക്ടോബർ 31 തിങ്കളാഴ്ച, സെന്റിനറി ഹാളിൽ വെച്ച് സൗജന്യ കാൻസർ നിർണയ ക്യാമ്പ് നടത്തി.

പ്രാർത്ഥനയോടെ,

**തോമസ് ബിജു മാത്യു**

ചർച്ച് സെക്രട്ടറി